# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1761      12.06.2019 ൽ മറുപടിയ്ക്ക്

### അന്തർ സംസ്ഥാന യാത്രാപ്രശ്നം

| ചോദ്യം<br>ശ്രീ.വി. കെ. സി. മമ്മത് കോയ | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കല്ലട ബസ് സർവ്വീസിലെ ജീവനക്കാർ ഒരു യാത്രക്കാരനെ മർദ്ദിച്ചതുമായി ബന്ധപ്പെട്ട് ഉളവായിട്ടുള്ള യാത്രാപ്രശ്നം പരിഹരിക്കുവാൻ കെ.എസ്.ആർ.ടി.സി. നടത്തിയ ഇടപെടൽ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (എ) | ബാംഗ്ലൂർ, ചെന്നൈ തുടങ്ങിയ പ്രധാന നഗരങ്ങളിലേയ്ക്ക് കൂടുതൽ കെ.എസ്.ആർ.ടി.സി സർവ്വീസുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തമിഴ് നാട് മായുള്ള അന്തർസംസ്ഥാന ഗതാഗത കരാർ രൂപീകരിച്ച് നടപടികൾ ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്. ടി കരാർ പ്രകാരം എറണാകുളം-ചെന്നൈ റൂട്ടും, തിരുവനന്തപുരം-ചെന്നൈ റൂട്ടും സർവ്വീസ് ആരംഭിക്കുന്നതിനായി അന്തർസംസ്ഥാന കരാറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കോയമ്പത്തൂർ, സേലം വഴി ബാംഗ്ലൂരിലേയ്ക്കും, ഗൂഡല്ലൂർ, മൈസൂർ വഴി ബാംഗ്ലൂരിലേയ്ക്കും ഉള്ള റൂട്ടുകൾ ബസ്സുകളുടെ ലഭ്യതയ്ക്കനുസരിച്ച് ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. കൂടാതെ ആദ്യഘട്ടമായി കോട്ടയം-കോയമ്പത്തൂർ, കോട്ടയം-പളനി, തൃശ്ശൂർ-ഊട്ടി, എറണാകുളം-പളനി, മാനന്തവാടി - കോയമ്പത്തൂർ, സുൽത്താൻബത്തേരി-കോയമ്പത്തൂർ, അർത്തുംഗൽ-വേളാങ്കണ്ണി-കോയമ്പത്തൂർ, കോഴിക്കോട് - നിലമ്പൂർ എന്നീ 8 സർവ്വീസുകൾ ആരംഭിക്കുന്നതിനുള്ള 15 പെർമിറ്റുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ കെ.എസ്.ആർ.ടി.സി ആരംഭിച്ചിട്ടുണ്ട്. തമിഴ് നാട്ടുമായി രൂപീകരിച്ച പുതിയ ഗതാഗത കരാർ പ്രകാരം എല്ലാ വർഷവും ഓണം, ദസറ, ദീപാവലി, ക്രിസ്തുമസ്, മധ്യവേനൽ അവധികാലം, ശബരിമല ഉത്സവകാലം എന്നിങ്ങനെ യാത്രാനിരക്ക് അനുഭവ പ്പെടുന്ന എല്ലാ ഉത്സവകാലത്തും ബാംഗ്ലൂർ, മൈസൂർ, കോയമ്പത്തൂർ, ചെന്നൈ എന്നീ പ്രധാന നഗരങ്ങളിലേയ്ക്ക് ആവശ്യാനുസരണം സർവ്വീസുകൾ നടത്തുന്നതിനുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. 2019 ഏപ്രിൽ മാസം മുതൽ ബാംഗ്ലൂരിലേയ്ക്ക് കൂടുതൽ കെ.എസ്.ആർ.ടി.സി സർവ്വീസുകൾ നടത്തുന്നതിനായി 29 ബസ്സുകൾ അധികമായി പെർമിറ്റ് എടുത്ത് സർവ്വീസുകൾ നടത്തി വരികയുമാണ്. |

സെക്ഷൻ ഓഫീസർ